# പരിസ്ഥിതി വിഷയങ്ങളിൽ ആദ്ധ്യാത്മിക സമീപനം വേണം: അമ്മ

കൊല്ലം: ആഗോള താപനമടക്കമുള്ള പരിസ്ഥിതി വിഷയങ്ങളിൽ ആദ്ധ്യാത്മികമായ സമീപനം സ്വീകരിക്കണമെന്ന് മാതാ അമൃതാനന്ദമയി ലോകരാജ്യങ്ങളോട് ആവശ്യപ്പെട്ടു. ബഹുനിലക്കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ നിൽക്കുന്ന ഒരാൾ താഴത്തെ നിലയിലുള്ള അഗ്നിബാധ കണ്ട് നിസംഗനായി നിൽക്കുന്നതുപോലെയാണ് ഇന്നത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ അവഗണിക്കുന്നതെന്ന് പാരീസിൽ നടന്ന കാലാവസ്ഥാ ഉച്ചകോടിയായ 'സമ്മിറ്റ് ഫോർ കോൺഷ്യൻസി' അയച്ച വീഡിയോ സന്ദേശത്തിൽ അമ്മ ചൂണ്ടിക്കാട്ടി.

ഉച്ചകോടിയിലേക്ക് മാതാ അമൃതാനന്ദമയിയെ ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസ്വ ഓലോന്ദെ പ്രത്യേക ദൂതൻ മുഖേന ക്ഷണിച്ചിരുന്നെങ്കിലും അമേരിക്കയിൽ സന്ദർശനത്തിലായിരുന്നതിനാൽ അമ്മയ്ക്ക് പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. അമ്മയുടെ പ്രതിനിധിയെന്ന നിലയിൽ വള്ളിക്കാവ് മാതാ അമൃതാനന്ദമയി ആശ്രമത്തിന്റെ ഉപാദ്ധ്യക്ഷൻ സ്വാമി അമൃതസ്വരൂപാനന്ദയാണ് സന്ദേശം ഉച്ചകോടിയിൽ അവതരിപ്പിച്ചത്.

അമ്മയുടെ ആഗോള സംഘടനയായ എംബ്രേസിങ് ദ വേൾഡ് (ഇടിഡബ്ല്യു) സുസ്ഥിര വികസനത്തിലും വിവിധ മതവിശ്വാസങ്ങൾക്കിടയിൽ സഹകരണം വളർത്താനുള്ള ദീർഘകാലമായുള്ള ശ്രമങ്ങളിലും മുഴുകുകയാണെന്ന് സ്വാമി പറഞ്ഞു. കോർപറേഷനുകൾക്കും സർക്കാരുകൾക്കും മതവിശ്വാസികൾക്കും സമൂഹത്തിന് മൊത്തത്തിലും സുസ്ഥിര വികസനം സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിന് പിന്തുണ നൽകുന്നതിന് മതസംഘടനകൾക്കാവുമെന്ന് അദ്ദേഹം പറഞ്ഞു.

ഈ വർഷം ഡിസംബറിൽ പാരീസിൽ നടക്കുന്ന സുസ്ഥിര വികസനം സംബന്ധിച്ച ഉച്ചകോടിയായ കോപ് 21ൽ ശക്തവും ഫലപ്രദവുമായ നയങ്ങൾക്ക് രൂപം നൽകണമെന്ന സാർവത്രികമായ ആവശ്യമുയരേണ്ടതുണ്ടെന്ന് ലോകത്തിലെ പ്രമുഖ ആത്മീയ, മത, ധർമസ്ഥാപന നേതാക്കൾ പങ്കെടുത്ത ഉച്ചകോടി ചൂണ്ടിക്കാട്ടി.

കോൺസ്റ്റാന്റിനോപ്പിൾ ആർച്ച് ബിഷപ്പ് ബർത്തലോമിയോ ഒന്നാമൻ, ഐക്യരാഷ്ട്ര സഭ മുൻ സെക്രട്ടറി ജനറൽ കോഫി അന്നൻ, നൊബേൽ സമ്മാന ജേതാവ് ഡോ. മുഹമ്മദ് യൂനുസ്, നടനും സാമൂഹ്യ പ്രവർത്തകനുമായ ആർനോൾഡ് ഷ്വാർസ്നഗർ തുടങ്ങി വിവിധ ലോകരാഷ്ട്രങ്ങളിൽനിന്നുള്ള മതനേതാക്കൾ, ഭരണത്തലവന്മാർ, രാഷ്ട്രീയ നേതാക്കൾ, ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികളുടെ തലവന്മാർ തുടങ്ങിയവർ പാരീസ് ഉച്ചകോടിയിൽ പങ്കെടുത്തു.



പാരീസിൽ നടന്ന കാലാവസ്ഥാ ഉച്ചകോടിയിൽ മാതാ അമൃതാനന്ദമയി മഠം പ്രതിനിധിയായി പങ്കെടുത്ത സ്വാമി അമൃതസ്വരൂപാനന്ദ ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസ്വ ഓലോന്ദെയുമൊത്ത്